**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1329** **30-08-2022 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളിലെയും വിദ്യാർത്ഥികളിലെയും ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | യുവജനങ്ങളിലും വിദ്യാർത്ഥികളിലും ലഹരി ഉപയോഗം അമിതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | യുവജനങ്ങളിലും വിദ്യാർത്ഥികളിലും ലഹരി ഉപയോഗം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അമിതമായ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | യുവജനങ്ങൾക്കിടയിലുള്ള മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗവും റാഗിംഗ് -സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയും തടയുന്നതിനാവശ്യമായ ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിച്ച് സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജനക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. ഓരോ ജില്ലയിൽ നിന്നും ഓരോ കോ-ഓർഡിനേറ്റർമാർക്കു വീതം പരിശീലനം നൽകിയാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി "ജനസഭ" എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവാ ക്ലബ്ബ്, ട്രാൻസ്ജെന്റർ ക്ലബ്ബ്, അവളിടം യുവതീ ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിക്കുയുണ്ടായി. കൂടാതെ ഈ സാമ്പത്തിക വർഷം ലഹരി വിരുദ്ധ ബോധവൽക്കരണം ഓരോ ഭവനത്തിലും വ്യക്തിയിലും എത്തിക്കുക എന്ന |

ഉദ്ദേശ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തല കൂട്ടായ്മകൾ, ജാഗ്രതാ സമിതികൾ എന്നിവ രൂപീകരിക്കുന്നുണ്ട്. നാടകം, മാജിക്, ലഘു വീഡിയോകൾ, മറ്റ് കലാരൂപങ്ങൾ എന്നിവ ഉൾപ്പെടുന്ന ജാഗ്രതാ യാത്ര സംസ്ഥാനത്താകമാനം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ലഹരിക്ക് അടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സമാന ചിന്താഗതിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സ്കൂൾ തലത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനായി പൊതുസമൂഹത്തിലും വിദ്യാലയങ്ങളിലും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിൽ 5,410 ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ 899 ലഹരി വിരുദ്ധ ക്ലബ്ബുകളും, 622 സി.ബി.എസ്.ഇ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവത്ക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലേ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുട്ടികൾക്ക് പകർന്ന് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളുടെ കായികപരവും കലാപരവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും അവരുടെ കർമ്മശേഷിയെ ക്രിയാത്മകമായ മറ്റു മേഖലകളിൽ കൂടി വിനിയോഗിക്കുന്നതിനുമായി കലാ-കായിക പരിശീലനത്തിനുള്ള മികച്ച അടിസ്ഥാന

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും സ്പോർട്സ് ഉപകരണങ്ങളും മറ്റ് അനുബന്ധ പരിശീലന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന 'ഉണർവ്വ്' എന്ന പദ്ധതി ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ലഹരി ഉപയോഗത്തിനെതിരായി സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്? | (സി) | (ബി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ